(iii) പിറവം സബ്. സ്റ്റേഷന്റെ പണി

ശ്രീ. ഗോപി കോട്ടമുറിക്കൽ: സർ, പിറവം മുനിസിപ്പൽ പ്രദേശത്ത് ഇന്ന് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം അടിയന്തിരമായിട്ട് പരിഹരിക്കാൻ വളരെ നാളുകളായി അവിടെ പണി പൂർത്തിയാകാതെ കിടക്കുന്ന സബ് സ്റ്റേഷന്റെ നിർമ്മാണം വളരെ പെട്ടെന്ന് പൂർത്തിയാക്കി ഞങ്ങളെ രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, പിറവം മുനിസിപ്പാലിറ്റിയിലും പരിസരപ്രദേശത്തുമുള്ള വൈദ്യുതി വിതരണത്തിന്റെ ഗുണനിലവാരം കുറഞ്ഞു പോകാൻ കാരണമായേക്കാവുന്ന മാറ്റമൊന്നും സമീപകാലത്ത് വരുത്തിയിട്ടില്ല. വൈദ്യുതി പ്രസരണമേഖലയിലെ വോൾട്ടേജ് കുറവു കൊണ്ടുള്ള പ്രശ്നമാണ് ഇപ്പോഴും പിറവത്തും സമീപപ്രദേശത്തും അനുഭവപ്പെടുന്നത്. ഇത് സംസ്ഥാനത്ത് പൊതുവേയുള്ള ഒരു പ്രശ്നമാണ്. പിറവത്തു സ്ഥാപിക്കാനുദ്ദേശിച്ചിട്ടുള്ള 110 കെ. വി. സബ് സ്റ്റേഷന്റെ പണി പൂർത്തിയായിക്കഴിയുമ്പോൾ, പിറവത്തെ വോൾട്ടേജ് കുറവ് ഗണ്യമായി പരിഹരിക്കാൻ കഴിയും. ഈ സബ് സ്റ്റേഷൻ 1991-92-ൽ പ്രവർത്തനക്ഷമമാകത്തക്ക വിധത്തിൽ പണിയാരംഭിച്ചിട്ടുണ്ട്. കൺട്രോൾ റൂമിന്റെ പണിയും ഏകദേശം പൂർത്തിയായി. ഉപകരണങ്ങൾ സ്ഥാപിക്കുന്ന ജോലികളും 110 കെ. വി. സബ് സ്റ്റേഷന്റെ ജോലികളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സബ് സ്റ്റേഷൻ കമ്മീഷൻ ചെയ്യുന്നതോടൊപ്പം വിതരണശൃംഖല ആവശ്യാനുസരണം മെച്ചപ്പെടുത്താനുദ്ദേശിക്കുന്നു.

(iv) കരുവാറ്റൂർ കെ.സി.എം.യു.പി.സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം

ശ്രീമതി ലീലാദാമോദര മേനോൻ: പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വിദ്യാഭ്യാസ സബ് ജില്ലയിൽ കെ. സി. എം. യു. പി. സ്കൂളിൽ 1988-89-ൽ നിലവിലുണ്ടായിരുന്ന ഏഴു പോസ്റ്റുകൾക്ക് പുറമേ, മൂന്നു പോസ്റ്റുകൂടി പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ അനുവദിക്കുകയുണ്ടായി. മൂന്ന് അദ്ധ്യാപകരെ അവിടെ നിശ്ചയിച്ചിട്ട്, അവർക്ക് ഒരു വർഷം ശമ്പളം നൽകുകയും ചെയ്തു. അതോടൊപ്പം ഒരാളെക്കൂടി നിശ്ചയിക്കാൻ വീണ്ടും ഉത്തരവുണ്ടായി. അതിനുശേഷം ഒരു ആഡിറ്റ് ഒബ്ജക്ഷൻ ഉണ്ട് എന്നു പറഞ്ഞുകൊണ്ട് നിയമനങ്ങൾ തെറ്റാണെന്നു പറയുകയും വീണ്ടും അതിനെക്കുറിച്ച് അന്വേഷണം നടത്തിയതിനുശേഷം ആ ആഡിറ്റ് ഒബ്ജക്ഷൻ വേവ് ചെയ്യുകയും ചെയ്തു. എന്നിട്ടും ഇന്നും ആ അദ്ധ്യാപകർക്ക് ശമ്പളം കിട്ടിയിട്ടില്ല. അവർക്ക് ഒന്നരക്കൊല്ലമായി ശമ്പളം കിട്ടിയിട്ട് എന്നുള്ള അവരുടെ ദുഃസ്ഥിതി പരിഗണിച്ചുകൊണ്ട് അടിയന്തിരമായി അവർക്ക് നീതി നൽകാൻ നടപടിയെടുക്കണമെന്ന് ഗവൺമെന്റിനോട് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ): സർ, അപ്പീൽ ജോയിന്റ് ഡയറക്ടറുടെ കയ്യിലുണ്ട്. ജോയിന്റ് ഡയറക്ടറോട് അടിയന്തിരമായിട്ട് അപ്പീലിൻമേൽ തീരുമാനമെടുക്കാൻ പറഞ്ഞിട്ടുണ്ട്. കൂടാതെ ആ അപ്പീലിന്റെ അവസാന തീരുമാനത്തിന് വിധേയമായി പത്തു ദിവസത്തിനകം മൂന്നു ടീച്ചർമാർക്കും താൽക്കാലികമായി ശമ്പളം കൊടുക്കുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ശമ്പളം കിട്ടിയോ, ഇല്ലയോയെന്നുള്ളത് അന്വേഷിച്ചിട്ട്, കിട്ടിയിട്ടില്ലെങ്കിൽ എന്നെ അറിയിച്ചാൽ വേണ്ട നടപടിയെടുക്കുന്നതാണ്.

(v) ബേക്കൽ കോട്ട ടൂറിസ്റ്റു കേന്ദ്രമാക്കുന്നതു സംബന്ധിച്ച്

ശ്രീ. കെ. പി. കുഞ്ഞിക്കണ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് എല്ലാ തലത്തിലും വികസനത്തിന്റെ വാചാലമായ പ്രഖ്യാപനങ്ങളും അവകാശവാദങ്ങളും ഇപ്പോഴും നിലനിൽക്കുകയാണ്. കേരളത്തിലെ അതി മനോഹരമായ തീരപ്രദേശമാണ് കാസർകോട് ജില്ലയിലെ ബേക്കൽ കോട്ട പ്രദേശം. ആ പ്രദേശം ഇപ്പോഴും ശാപമോക്ഷം കിട്ടാതെ കിടക്കുകയാണ്. ഇതിനുമുമ്പ് പലപ്രാവശ്യം കേന്ദ്ര പഠനസംഘം ഇവിടം വികസിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങളും മനസ്സിൽവച്ചുകൊണ്ട് അവിടം സന്ദർശിക്കുകയും പരിശോധിച്ച് വളരെയധികം തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ ആ പഠന സംഘങ്ങളുടെ തീരുമാനങ്ങളും ഇപ്പോൾ ഏതവസ്ഥയിലാണ് കിടക്കുന്നതെന്നുള്ളതിനെക്കുറിച്ച് അറിയില്ല. മലബാറിന്റെ മണ്ണ് അതിനൊന്നും പറ്റിയതല്ലെന്നൊരു സമീപനം ഈ ഗവൺമെൻറിനുണ്ടോയെന്ന് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ പഠന സംഘം ഇവിടം സന്ദർശിച്ചിട്ടുള്ളതും മലബാറിലെ ഏറ്റവും മനോഹരമായ ബേക്കൽ കോട്ട പ്രദേശം ടൂറിസം വികസനരംഗത്ത് പരമപ്രാധാന്യം ലഭിക്കേണ്ട പ്രദേശമാണെന്ന് പറഞ്ഞിട്ടുള്ളതുമാണ്. അതിനെക്കുറിച്ച് നടത്തിയിട്ടുള്ള അതിവാചാലമായ ചർച്ചകളും പ്രഖ്യാപനങ്ങളും ഇപ്പോഴും വഞ്ചി തിരുനക്കര കിടക്കുകയാണ് എന്ന മട്ടിലാണ്. അതുകൊണ്ട് ടൂറിസം വികസനത്തിന് പറ്റിയ ബേക്കൽ പ്രദേശത്ത് അടിയന്തിരമായ വികസന പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിന് ഗവൺമെൻറ് നടപടി സ്വീകരിക്കുമോ; എന്താണ് അതിന്റെ ഇപ്പോഴത്തെ അവസ്ഥയെന്നറിയാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

വനം്യൂവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): സർ, ബേക്കൽ കോട്ടയുടെ ടൂറിസം വികസന സാദ്ധ്യതയെക്കുറിച്ച് ഞാൻ ഇതിനുമുമ്പിവിടെ പറഞ്ഞിട്ടുള്ളതാണ്. ശ്രീ. കുഞ്ഞിക്കണ്ണനും ആ പ്രദേശത്തോടുള്ള പ്രത്യേക ആഭിമുഖ്യത്തിൽ എനിക്കും അദ്ദേഹത്തോടും യാതൊരു പരിവേവുമില്ലതാനും. അത് വളരെ അഭിനന്ദനാർഹമായ കാര്യമാണ്. പക്ഷേ മലബാറിലെ ടൂറിസത്തോടുള്ള അവഗണന എപ്പോഴാണ് ബോദ്ധ്യമായതെന്ന് എനിക്ക് സംശയമുണ്ട്. മലമ്പുഴയിലല്ലാതെ മലബാറിലെ ഒരൊറ്റ സ്ഥലത്തു പോലും ടൂറിസത്തിനുവേണ്ടി യാതൊരു കാര്യവും കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ നാലുവർഷക്കാലമായിട്ട് മലബാർ

LIBRARY ARCHIVES Kerala Legislative Assembly